# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## <u>സർക്കുലർ</u>

**നമ്പർ ഃ 22/2015/സം.തി.ക.** **തീയതി ഃ 19.11.2015**

വിഷയം ഃ- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതു തിരഞ്ഞെടുപ്പ് 2015 - വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് - മാർഗ്ഗനിർദ്ദേശങ്ങൾ.

സൂചന ഃ- 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 26.10.2015-ലെ 168/2015/ സം.തി.ക. നമ്പർ മുതൽ 175/2015/സം.തി.ക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ.
2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 13.11.2015-ലെ 188/2015/സം.തി.ക, 189/2015/സം.തി.ക നമ്പർ വിജ്ഞാപനങ്ങൾ.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 162-ാം വകുപ്പിലും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 20, 21 വകുപ്പുകളിലും പഞ്ചായത്തുകളിലെ/മുനിസിപ്പാലിറ്റികളിലെ സ്റ്റാന്റിംഗ് കമ്മിറ്റികൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തുകളിലെ/മുനിസിപ്പാലിറ്റികളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച് ധനകാര്യം , വികസനം, ക്ഷേമകാര്യം, ആരോഗ്യവും വിദ്യാഭ്യാസവും എന്നിങ്ങനെ 4-സ്റ്റാന്റിംഗ് കമ്മിറ്റികളും ജില്ലാപഞ്ചായത്തുകളെ സംബന്ധിച്ച് ധനകാര്യം, വികസനം, പൊതുമരാമത്ത്, ആരോഗ്യവും വിദ്യാഭ്യാസവും, ക്ഷേമകാര്യം എന്നിങ്ങനെ 5-സ്റ്റാന്റിംഗ് കമ്മിറ്റികളുമാണ് രൂപീകരിക്കേണ്ടത്.
2. മുനിസിപ്പൽ കൗൺസിലുകളെ സംബന്ധിച്ച് ധനകാര്യം, വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യ കാര്യം, മരാമത്ത് കാര്യം വിദ്യാഭ്യാസ കലാ കായിക കാര്യം എന്നിങ്ങനെ 6-സ്റ്റാന്റിംഗ് കമ്മിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ച് ധനകാര്യം, വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യകാര്യം, മരാമത്ത് കാര്യം, നഗരാസൂത്രണകാര്യം, നികുതി അപ്പീൽകാര്യം, വിദ്യാഭ്യാസ കായിക കാര്യം എന്നിങ്ങനെ 8-സ്റ്റാന്റിംഗ് കമ്മിറ്റികളും രൂപീകരിക്കേണ്ടതാണ്.
3. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അംഗങ്ങളുടെ എണ്ണം 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ പട്ടിക-I പ്രകാരവും ജില്ലാപഞ്ചായത്തുകളെ സംബന്ധിച്ച് പട്ടിക-II പ്രകാരവുമായിരിക്കണം.
4. മുനിസിപ്പൽ കൗൺസിലുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം 2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ പട്ടിക-II പ്രകാരവും മുനിസിപ്പൽ കോർപ്പറേഷനിലെ സ്റ്റാന്റിംഗ് കമ്മിറ്റി) അംഗങ്ങളുടെ എണ്ണം പട്ടിക-III പ്രകാരവുമായിരിക്കണം.
5. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് നടത്തുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ വരണാധികാരികളെ ഇതിലേയ്ക്ക് ചുമതലപ്പെടുത്തി കമ്മീഷൻ 26.10.2015-ലെ 170/2015/സം.തി.ക & 171/2015/സം.തി.ക നമ്പരുകളായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടേയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടേയും തിരഞ്ഞെടുപ്പ് നടത്തുന്നതിന് ഡെപ്യൂട്ടി കളക്ടർ (ജനറൽ)/അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനെ വരണാധികാരിയായി ചുമതലപ്പെടുത്തികൊണ്ട് കമ്മീഷൻ 26.10.2015-ലെ 168/2015/സം.തി.ക & 169/2015/സം.തി.ക നമ്പരായി വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.
6. മുനിസിപ്പൽ കോർപ്പറേഷനിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും തിരഞ്ഞെടുക്കുന്നതിനുള്ള വരണാധികാരികളായി ഡെപ്യൂട്ടി കളക്ടർ (ജനറൽ)/ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനെ ചുമതലപ്പെടുത്തി കമ്മീഷൻ 26.10.2015-ലെ 172/2015/സം.തി.ക & 173/2015/സം.തി.ക നമ്പർ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് ഇതിലേയ്ക്ക് വരണാധികാരികളെ

നിശ്ചയിച്ചുകൊണ്ട് കമ്മീഷൻ 26.10.2015-ലെ 174/2015/സം.തി.ക & 175/2015/സം.തി.ക നമ്പരുകൾ പ്രകാരം വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

7. സംസ്ഥാനത്തെ മട്ടന്നൂർ നഗരസഭ ഒഴികെയുള്ളതും പൊതുതിരഞ്ഞെടുപ്പിന് ശേഷം അധ്യക്ഷൻ/ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് കഴിഞ്ഞതുമായ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് 2015 ഡിസംബർ 2-ാം തീയതിയോ അതിനുമുമ്പോ നടത്തേണ്ടതും തുടർന്ന് എത്രയും പെട്ടെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ തിരഞ്ഞെടുപ്പ് അതാത് വരണാധികാരികൾ പൂർത്തിയാക്കേണ്ടതുമാണ്.

8. ബന്ധപ്പെട്ട വരണാധികാരികൾ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗം വിളിച്ച് കൂട്ടുന്നതിന് സ്ഥലം, തീയതി, സമയം എന്നിവ കാണിച്ച്കൊണ്ടുള്ള നോട്ടീസ് എല്ലാ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കും യോഗതീയതിക്ക് 5-ദിവസം മുമ്പും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗത്തിന്റെ നോട്ടീസ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും യോഗതീയതിക്ക് രണ്ട് ദിവസം മുമ്പും നൽകേണ്ടതാണ്.

9. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ മത്സരിക്കാൻ താല്പര്യമുള്ള അംഗങ്ങൾ നാമനിർദ്ദേശം വരണാധികാരിയെ ഏൽപ്പിക്കേണ്ട അവസാന തീയതിയും സമയവും കൂടി പ്രസ്തുത നോട്ടീസിൽ കാണിച്ചിരിക്കേണ്ടതാണ്. അതായത്, കഴിയുന്നതും യോഗം ചേരാൻ നിശ്ചയിച്ചിട്ടുള്ള സമയത്തിന് തൊട്ടു മുമ്പുവരെയുള്ള ഒരു സമയം നോമിനേഷൻ സ്വീകരിക്കുന്നതിന് നിശ്ചയിച്ച് നോട്ടീസ് നൽകാവുന്നതാണ്.

10. ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണവും സ്ഥാനാർത്ഥികളുടെ എണ്ണവും തുല്യമാണെങ്കിൽ അങ്ങനെയുള്ള സ്ഥാനാർത്ഥികളെ യഥാവിധി തിരഞ്ഞെടുത്തതായി വരണാധികാരി പ്രഖ്യാപിക്കണം. എന്നാൽ ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണത്തേക്കാൾ കുറവാണ് സ്ഥാനാർത്ഥികളുടെ എണ്ണമെങ്കിൽ അങ്ങനെയുള്ള സ്ഥാനാർത്ഥികൾ തിരഞ്ഞെടുത്തതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതും ബാക്കി ഒഴിവുള്ള സ്ഥാനത്തേയ്ക്ക് 5-ദിവസത്തിനകം യോഗം വിളിച്ച് തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

11. സ്ഥാനാർത്ഥികളുടെ എണ്ണം ഒഴിവുള്ള സ്ഥാനത്തെക്കാൾ കൂടുതലാണെങ്കിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് ഒറ്റക്കൈമാറ്റ വോട്ടുമൂലം വോട്ടെടുപ്പ് നടത്തി അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണ്.

12. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാനത്തേയ്ക്ക് സ്ത്രീകളല്ലാത്ത അംഗങ്ങൾ സ്ഥാനാർത്ഥികളാകാൻ പാടില്ലാത്തതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങളിൽ, സ്ത്രീകൾക്കായിട്ടുള്ളവ സംവരണം ചെയ്തുകൊണ്ട് സൂചന (2) പ്രകാരം കമ്മീഷൻ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

13. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാൻമാരുടേയും തിരഞ്ഞെടുപ്പ് സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 07.07.2015-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കൈപ്പുസ്തകത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

**പി. ഗീത**
സെക്രട്ടറി

എല്ലാ വരണാധികാരികൾക്കും.
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും.

പകർപ്പ് :-

എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
സീനിയർ ഫിനാൻസ് മാനേജർ,ലാ ഓഫീസർ
പബ്ലിക്ക് റിലേഷൻസ് ഓഫീസർ
കമ്മീഷണറുടെ സി.എ / സെക്രട്ടറിയുടെ സി.എ.
കമ്പ്യൂട്ടർ പ്രോഗ്രാമർ,ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,
**ഒപ്പ്**
സെക്ഷൻ ഓഫീസർ